വളരെയധികം കഷ്ടപ്പെടുകയാണ്. അതുകൊണ്ട് ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിലും ചങ്ങനാശ്ശേരി പ്രദേശത്തുള്ള മിൽമാ ബൂത്തുകളിലും ആവശ്യത്തിനുള്ള പാൽ വിതരണം നടത്തുന്നതിനുള്ള വളരെ സത്വരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ചങ്ങനാശ്ശേരിയിലൊക്കെ പാൽ വിതരണം നടത്തുന്നത് എറണാകുളം റീജിയണൽ മിൽക്ക് മാർക്കറ്റിംഗ് യൂണിയനാണ്. ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഒരു തെറ്റിദ്ധാരണ ഈ കാര്യത്തിൽ ഉണ്ടെന്നു തോന്നുന്നു. ഇത് ഗവൺമെന്റ് നേരിട്ട് ചെയ്യുന്ന കാര്യങ്ങളൊന്നുമല്ല. ഇത് തെരഞ്ഞെടുക്കപ്പെട്ട സമിതിയുള്ള ജനാധിപത്യപരമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. അവരാണ് പാൽ വിതരണം നടത്തുന്നത്. ഇപ്പോൾ ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിൽ എന്താണ് പാൽ വിതരണം നടത്താത്തതെന്ന് ചോദിച്ചപ്പോൾ അവർ മറുപടി തന്നിരിക്കുന്നത് കുറെയധികം കുടിശ്ശിക ലഭിക്കാനുണ്ട് എന്നും അത് കൊടുക്കാത്തതുകൊണ്ട് നോട്ടീസ് കൊടുത്തിട്ട് ഇപ്പോൾ പാൽ വിതരണം നിർത്തിവച്ചിരിക്കുകയാണ് എന്നുമാണ്. ബഹുമാനപ്പെട്ട മെമ്പറും കൂടി ചേർന്നിട്ട് ആ കുടിശ്ശിക കൊടുക്കാൻ ശ്രമിക്കണം. എങ്കിലും ഈ ആശുപത്രിയിലേക്ക് ആവശ്യമുള്ള പാൽ വിതരണം നടത്താനും അതുപോലെ തന്നെ ചങ്ങനാശ്ശേരി ടൗണിലും മിൽമാ ബൂത്തുകളിൽ കൂടി ആവശ്യത്തിനുള്ള പാൽ വിതരണം നടത്താനും ഞാൻ അവരോട് ആവശ്യപ്പെടാം. അതുമാത്രമല്ല കോട്ടയം ജില്ലയിൽ ഇപ്പോൾ 70 ശതമാനം പാലേ വിതരണം ചെയ്യുന്നുള്ളൂ. അത് കൂട്ടുന്നതിനുവേണ്ടി സത്വരമായ നടപടികളും സ്വീകരിക്കുന്നതിനും ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(xiii) പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ

ശ്രീ. എം. എം. ഹസ്സൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ തീരദേശത്തെ ആളുകൾക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന ഒരു ഗവൺമെന്റ് ആശുപത്രിയാണ് പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ. അവിടെ ഒരു ഫുൾടൈം ആശുപത്രിയായി പ്രവർത്തിപ്പിക്കത്തക്കവണ്ണമുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും ഫുൾടൈമാക്കി പ്രവർത്തിപ്പിക്കുന്നില്ല. വളരെക്കാലമായിട്ട് അവിടത്തെ നാട്ടുകാരും ഞാനുമൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്ക് പല നിവേദനങ്ങളും കൊടുത്തിട്ടുള്ളതാണ്. എല്ലാ സൗകര്യങ്ങളുമുള്ള പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ ഫുൾടൈം ആശുപത്രിയാക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യം അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, പൂന്തുറ പ്രൈമറി ഹെൽത്ത് സെൻററിനെ ഒരു ഫുൾടൈം ആശുപത്രിയാക്കണമെന്നുള്ള നിർദ്ദേശം പല പ്രാവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ നിന്ന് ഫോർട്ട് ആശുപത്രിയിലേക്ക് എട്ട് കിലോമീറ്ററും തൈക്കാട് ആശുപത്രിയിലേക്ക് ഒൻപത് കിലോമീറ്ററും ജനറൽ ആശുപത്രിയിലേക്ക് പത്ത് കിലോമീറ്ററും മെഡിക്കൽ കോളേജിലേക്ക് പതിമൂന്ന് കിലോമീറ്ററുമാണുള്ളത്. ഇങ്ങനെ ഇത്രയും കിലോമീറ്ററിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം ആശുപത്രികളും ഉള്ളതിന്റെ മദ്ധ്യത്തിലാണ് ഇത് കിടക്കുന്നത്. സാമ്പത്തിക കാരണങ്ങളാൽ ഈ പ്രൈമറി ഹെൽത്ത് സെന്ററിനെ ഫുൾടൈം ആക്കാൻ സാധിച്ചില്ല. ഡോക്ടർമാരൊക്കെ ഉണ്ട്. വാർഡ് പണിയുന്ന സാഹചര്യത്തിൽ ഇത് ഫുൾടൈം ആക്കേണ്ട കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(xiv) കുന്നത്തൂർ–ഞാങ്കടവ് പാലത്തിന്റെ പണി

ശ്രീ. ടി. നാണു മാസ്റ്റർ: സർ, കുന്നത്തൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു പഞ്ചായത്താണ് കുന്നത്തൂർ പഞ്ചായത്ത്. വളരെ അവികസിതമായ ഒരു മേഖലയാണിത്. അവിടെ കൊട്ടാരക്കര താലൂക്കിലെ പുത്തൂരും കുന്നത്തൂർ പഞ്ചായത്തും തമ്മിൽ യോജിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് ഞാങ്കടവ് പാലം. അവിടുത്തെ ശോചനീയാവസ്ഥ അങ്ങേയ്ക്കും അറിവുള്ളതാണ്. അങ്ങ് അവിടെ സന്ദർശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. ഈ പാലത്തിന്റെ പണി ഉടനടി പൂർത്തിയാക്കാൻ വേണ്ട നടപടി ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, പ്രസ്തുത പാലത്തെ സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് പല കാര്യങ്ങളും പരിഗണിച്ചേ ആ കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(xv) പീരുമേട്ടിൽ ഒരു കോളേജ് ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. തോമസ്: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ഒരു സൗകര്യവുമില്ല. അവിടെ ഒരു കോളേജ് ആരംഭിക്കണമെന്ന് ഞാൻ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളത്തും പീരുമേട്ടിലും കോളേജുകൾ ആരംഭിക്കാമെന്ന് മുൻ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പ് തന്നിട്ടുള്ളതാണ്. ഈ മന്ത്രി തന്നെ പല പ്രാവശ്യം സമ്മതിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽത്തന്നെ അദ്ദേഹം മൂന്നാറിൽ ഒരു കോളേജ് ആരംഭിക്കുന്ന കാര്യം പറഞ്ഞിരുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു കോളേജ് ഇല്ലാത്ത സ്ഥിതിക്ക് അവിടെക്കൂടി ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, പുതിയ കോഴ്സുകളും പുതിയ കോളേജുകളും എവിടെയെല്ലാം ആരംഭിക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നിർദ്ദേശം കിട്ടേണ്ടതുണ്ട്. ആ നിർദ്ദേശം കിട്ടിയാൽ ഉടൻതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly